LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി

269(5428) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകൾ വിശദമായി പരിശോധിക്കുന്നതിന് പ്രസ്തുത വകുപ്പിലെ വിജിലൻസ് വിഭാഗത്തിന് കൈമാറാൻ നിലവിൽ വ്യവസ്ഥയുണ്ടോ; അറിയിക്കാമോ?

വ്യവസ്ഥയുണ്ട്.

(ബി) ഇതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സഹകരണ ബാങ്കുകളിൽ വ്യാപകമായി ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടിയുണ്ടാകുമോ; വിശദമാക്കുമോ?

സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിൽ ഉള്ള ഓഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ഓഡിറ്റ് നടത്തുന്നതുമാണ്. എല്ലാതരം സംഘങ്ങളിലും ടീം ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതാണ്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ഓഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ഓഡിറ്റ് ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ഓഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ഓഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതാണ്. സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വകുപ്പിലെ

ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതാണ്. ഓഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ഓഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ഓഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ വിജിലൻസ് ശക്തിപ്പെടുത്താൻ നടപടി

270(5429) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിലെ വായ്പാ തട്ടിപ്പ് തടയുന്നതിന് സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിയമഭേദഗതി സർക്കാർ നടപ്പാക്കുന്നതാണ്.

നിക്ഷേപകർ അകലുന്നത് തടയാൻ നടപടി

271(5430) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഇല്ലാത്തതിനാൽ നിക്ഷേപകർ സഹകരണ മേഖലയിൽനിന്ന് അകന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly